# Deepika

## 18 July 2018

## Paravoor, Rain Havoc, Relief Camp, Disaster Relief



മഴക്കെടുതി

### പറവൂരിൽ 17 ക്യാമ്പുകളിലായി 600 ഓളം പേരെ മാറ്റിപ്പാർപ്പിച്ചു

**പറവൂർ:** മഴക്കെടുതികളെത്തുടർന്നു പറവൂർ താലൂക്കിൽ ഒമ്പതു ദുരിതാശ്വാസ കേന്ദ്രങ്ങൾ കൂടി തുറന്നു. ആലങ്ങാട്, കരുമാലൂർ, കുന്നുകര, പുത്തൻവേലിക്കര എന്നീപഞ്ചായത്തുകളിലാണ് ഇന്നലെ ദുരിതാശ്വാസ കേന്ദ്രങ്ങൾ തുറന്നത്. ഇതോടെ പറവൂർ താലൂക്കിൽ തുറന്ന ദുരിതാശ്വാസ കേന്ദ്രങ്ങളുടെ എണ്ണം 17 ആയി. 600 ഓളം പേരെ ഈ കേന്ദ്രങ്ങളിൽ പാർപ്പിച്ചിട്ടുണ്ട്.

കാറ്റിൽ മരങ്ങളും തെങ്ങുകളും മറ്റും വീണ് എട്ടു വീടുകൾക്ക് കൂടി ഇന്നലെ നാശനഷ്ടങ്ങളുണ്ടായി. മടപ്ലാതുരുത്തിൽ മഞ്ഞളി ബേബി, മണപ്പുറത്ത് രാധാകൃഷ്ണൻ എന്നിവരുടെ വീടുകൾ മരങ്ങൾ വീണു ഭാഗികമായി തകർന്നു. ഇന്നലെ പകൽ മഴയ്ക്കു ശമനമുണ്ടായിരുന്നെങ്കിലും വൈകുന്നേരത്തോടെ വീണ്ടും ശക്തിപ്രാപിച്ചു.

### അടിയന്തര നടപടി മുഖ്യമന്ത്രി ഉറപ്പു നൽകിയതായി വി.ഡി. സതീശൻ

**പറവൂർ:** പറവൂർ നിയോജകമണ്ഡലത്തിലെ അഞ്ചു ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന കുടുംബങ്ങൾക്ക് സൗജന്യറേഷൻ നൽകാനും വൈദ്യസഹായമെത്തിക്കാനും അടിയന്തര നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകിയതായി വി.ഡി. സതീശൻ എംഎൽഎ പറഞ്ഞു. ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകളയായിരുന്നു അദ്ദേഹം. കെടുതികൾ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അടിയന്തരമായി ഇടപെട്ട് നടപടി സ്വീകരിക്കാമെന്ന് ജില്ലാ കളക്ടറും ഉറപ്പുനൽകിയതായി എംഎൽഎ കൂട്ടിച്ചേർത്തു.